(ജനനപ്പെരുന്നാൾ പ്രഭാതം) **(ഒന്നാം നിറം)**

വാനീന്നും മാലാഖമാർ വന്നറിയിച്ചു
ഭൂപതിജാതം ചെയ്തെന്നിടയരെ ബേ-ത്‌ലഹേമിൽ
ആ നിർമ്മലരാടുകളെകൊണ്ടിഹ വന്നു
രക്ഷക്കെത്തിയ ദൈവത്തിൻ കുഞ്ഞാടിൻപേർക്കായ്
സ്തുതി-മെയ്യോ- ടവർകണ്ടതുമൂലം
സ്തുതി മനുജൻ- തൻ ജനിയാർന്നോനേ!
സ്തുതിജന്മാത്താലപഥത്തീന്നും ര-ക്ഷിച്ചോനേ.
നിബിയന്മാരീശോദേവ! വിമലാത്മാവാൽ
നിൻമർമ്മങ്ങളെ മുൻചൊന്നാഗമനം-ഘോഷിച്ചു
ഏശായാ നിൻ ഗർഭത്തെപ്പിറവിയെ ദാവീ-
ദുദയത്തെ സ്ക്കറിയാ; മീഖാ നിൻ പ്രാ-ബല്യത്തെ
ഹസ്ക്കീ-യേൽ- നിൻ തേരിൻ പ്രഭയെ
ദാനിയേൽ-മാന്യാസനമതിനെ
ജനനത്തിനു വന്നിക്ഷിതയെ രക്ഷി-ച്ചോൻ ധന്യൻ
പാവനതനു ഭക്ഷിച്ചോരായ് ജീവനരക്തം
പാനം ചെയ്ത പരേത ജനങ്ങൾ തൻ-ദേഹിയിലും
ആത്മത്തിലുമക്ഷയലോകത്താപ്പാപത്തിൻ
ഇരുൾ വാഴായ്‌വാൻ മശിഹായൊടു നാമർത്ഥിക്കേണം.
അവരുടെ യാ-ത്മാക്കളെയേറ്റോനേ!
നാഥാ! നിൻ-പീഢയെ സാക്ഷിച്ചാർ
ആഹ്വാനം ചെയ്തങ്ങവരേവലമായ്-നിർത്തണമേ.

3

(ജനനപ്പെരുന്നാൾ സന്ധ്യ)

(മ്ശീഹൊനാത്താറേഹ് ല്ഈത്തെ) **(ഒന്നാം നിറം)**

ശിശുവാ-യ് സ്വയമേവെളിവായി നരവേ-ഷ-ത്തിൽ ജീവിച്ചോ
രാശ്ച-ര്യത്തിൻ ശിശുധന്യൻ ആംഗ്യ-ത്താലുലകം വാ-ഴ്വോ-ൻ
ആദാമിനെ സംരക്ഷിപ്പാൻ
വന്നൊരുനാളിൽ-ശിശുപോൽ ചാ-ഞ്ചാ-ടി
വചനം-നരനുപദേശിച്ചോൻ ശിശുപോൽ- മൂകതപൂ-കു-ന്നു.
സ്തു-ത്യം-തദ്ദിനയം-ക്രൂബകൾ തൻ
ഉന്നതിയെ നീ-കൈവിട്ടു-മറിയാം



നിന്നെ പാഴ്ത്തുണിയിൽ ചുറ്റാൻ
തക്കവിധത്തിൽ നീ നിൻ ശ്രേഷ്ഠതയെ-താ-ഴ്ത്തി
യൗസേ-പ്പങ്ങേലാളിപ്പൂതായാം-മറിയാംമോ-ദി-പ്പൂ
സ്വർഗ്ഗീ-യം സൈന്യം താണുഭൂവാ-സികളെപ്രാ-പി-ച്ചു
ഈറേരും ദർശിക്കാത്തൊരു
നിമ്മാനത്തെ-പാരിൽ ദ-ർശി-ച്ചാർ
ശിശുവാ-യോൻ നീ പുൽക്കൂട്ടിൽമരുവീ-ടുന്നതു ക-ണ്ടാ-റെ
നിൻ-ബ-ഹുമാന്യതയെ-സ്തുതിപാടി
പ്പാദംകൂപ്പി-കാഹള-നാദത്താൽ
നിൻമാഹാത്മ്യം ദർശിപ്പാ
നർഹതനേടിയ മർത്യ-ർക്കേകീ-സൗ-ഭാ-ഗ്യം.
പുനരു-ത്ഥാനമതില്ലായ്കിൽസഹദേർ-വധമെന്തി-ന്നേ-റ്റു
പരലോ-കം നാസ്തിയതെങ്കിൽ നല്ലോ-രെന്തിനു പോരാ-ടീ.
പുനരുത്ഥാനം കളവെങ്കിൽ
മശിഹാമൃതരീ-ന്നെഴുന്നേറ്റി-ട്ടില്ല.
മൃതരെ!-നന്ദനനെനോക്കിൻ ദൈവ-ത്തിൻ ജീവാരാ-വം
ജീവൻ പൊയ്പോയോർ-കേൾക്കുമ്പോൾ
കബറുകൾ പൊളിയും-സ്വാഗതമവനേ-കാൻ
അവരെത്തിടുമെന്നാദൂതിൽ
ചൊല്ലിയവാക്കിൻ ശരണം-പരമാർത്ഥം-നൂ-നം.

(ജനനപ്പെരുന്നാൾ സന്ധ്യ)

**(തൂബൈക്ക് ഈത്തൊ) (ഒന്നാം നിറം)**

ആ-രാ-ളാവൂ-വർണ്ണിപ്പാൻ ബേ-തലഹേമിൽ
ഇന്നുളവായമഹാശ്ചര്യം; കണ്ടുബുധന്മാർ-വിസ്മിതരായ്
ഒരുപൈതലിതാ- പുൽക്കൂട്ടിൽ, കീറത്തുണിയിൽമേ-വു-ന്നു.
കാഴ്ചയിലവനെളിയോനെന്നാൽ ഭ്രമമാഗ്നേയ-ർക്കേറ്റുന്നോ-ൻ
മാനവജന്മം-പൂണ്ടോനാം ദൈവതനൂജനിവൻസ-ത്യം.

ഘോഷിതമാ-യീ-സുതജനനംബേ-ത്ലഹേമിൽ
ആകർഷിച്ചാസുവിശേഷം സരണിബുധന്മാ-ർക്കെളുതാക്കി
കൈത്താരിൽകാ-ണിക്കകളും ഹൃത്തിൽ വിശ്വാ-സവുമേ-ന്തി
ഗുഹയിൽപൂകി സൃഷ്ടിയിതിൽ ധരണിതലത്തിൻ-സീമവരേ
പ്രഭവീശീടും-മശിഹായാംദുരിതവിമോചകനേ-കൂ-പ്പി

വ-ർഷിക്ക-ട്ടെ-താതനയച്ചി-ട്ടാബാബേൽ
തീച്ചൂളയിൽബാലന്മാരിൽവീഴ്ത്തിയ ജീവ-പ്പനിനീ-രാ
മൃതലോകത്താകുലമേറുംഭവനങ്ങളിൽ മരുവു-ന്നോരിൽ
നിന്നഭയത്തിൽ നിദ്രിതരാം ദാസന്മാർതൻ-പിഴപോക്കീ-
ട്ടവകാശം നല്കീ-ടേണം ശാശ്വതസുസ്ഥിരരാ-ജ്യ-ത്തിൽ

(ജനനപ്പെരുന്നാൾ രാത്രി 2-ാം കൗമ) **(ഒന്നാം നിറം)**
(ലത്ത്ഹൂമൊദ് ഹൈമോനൂസൊ)

ഈശനുമീ-മർത്യന്മാർ-ക്കും മദ്ധ്യമനാ-കും-വചനേ-ശൻ
തന്നെപ്പെറ്റാൾ, കന്യകയാ-ശ്ച-ര്യം!

ജ്വാലയണി-ഞ്ഞോൻ തനുവേ-ന്തി ഞങ്ങളെ സം-രക്ഷിപ്പാ-നായ്
മാനവരൂപം പൂണ്ടാനാ-ശ്ച-ര്യം

ഒമ്പതുമാ-സം ചെന്ന-പ്പോൾ ജനനീ മു-ദ്രയ്ക്കേതും കേടെന്യേ
വെളിയിൽ വന്നാനാ-ശ്ച-ര്യം

മുപ്പതുവ-ത്സരമിപ്പാ-രിൽവാണെങ്ങൾ-ക്കായ് പാടേറ്റു
മനസാ മരണം പൂണ്ടോനാ-ശ്ച-ര്യം

മൂന്നുദിനം-കബറിൽ മേ-വീട്ടുത്ഥിതനായ് സ്വർഗ്ഗാരോ-ഹം
ഹാലേലുയ്യാ ചെയ്താനാ-ശ്ചര്യം.

ദാവീദിൻ-ഗീതം പോ-ലെകാലാതീ-തംതാത-നിൽനി
ന്നുളവായോനാം സുതനാം മ-ശിഹാ-യെ

തിരുവുള്ള-ത്താൽ ദാവീ-ദിൻ നന്ദനയാ-യ് വിമലതയോലും
കന്യകകാലത്തികവിൽ പ്ര-സവി-ച്ചു

(ജനനപ്പെരുന്നാൾ പ്രഭാതം)
(മാലാഖൊദ്നുഹറൊ)

1. ദ്യുതിസന്തോഷമയൻ മാലാഖാ
ദർശനമിടയർക്കേകിച്ചൊ-ന്നാൻ
യീഹൂദ്യായിൻ ബേ-ത്ലഹേമിൽ
രക്ഷകനുളവായെന്നേവം
സന്തോഷമെഴും സ-ന്ദേശം
2. വാനോരീറയരിന്നിപ്പാരിൽ-
ശമവും ശാന്തിയുമറിയിച്ചേ-വം
നന്ദന ജനനത്തിൻ-ദിവസത്തിൽ
സ്തുതി ദൈവത്തിനു വാനത്തിൽ
മർത്യന്നുത്തമ സ-ങ്കേതം.
3. വന്നിടയന്മാർ ഗുഹയിൽ പൂകി-
യൗസെപ്പിനെയും കന്യകയാ-കും
മറിയാമൊടു ശിശുവിനേയും കണ്ടു.
കാഴ്ചകളർപ്പിച്ചാമോദം
പിൻവാങ്ങി-പ്പോ-യി
4. ജനനത്താൽ വിൺമൺ ലോകർക്കായ്-
ശാന്തികൊടുത്തോരു പൈതൽ ത-ന്നെ
സ്വർഗ്ഗീയഗണം കാഹളമൂതി
സ്തുതിപാടി സ്തോത്രം ചെയ്തു
അവനും പ്രേക്ഷകനും -സ്തു-ത്യൻ